പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3418 — 14.03.2018 ൽ മറുപടിയ്ക്ക്

കേരളത്തിലെ നെല്ലുസംഭരണം

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; നെല്ലിന്റെ സംഭരണ വില പുതുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സപ്ലൈകോയുടെ നേതൃത്വത്തിൽ നടക്കുന്ന നെല്ല് സംഭരണ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു. , സംഭരണ വില പുതുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല |
| (ബി) സപ്ലൈകോ നടത്തിയ നെല്ല് സംഭരണത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ; | (ബി) | സപ്ലൈകോ സംഭരിച്ച നെല്ലിന്റെ സംഭരണ വിലയായി 07.03.2018 തീയതി വരെയുള്ള കണക്ക് പ്രകാരം 118.58 കോടി രൂപ കൂടി കർഷകർക്ക് വിതരണം ചെയ്യാനുണ്ട്. |
| (സി) ഈ സീസണിൽ സപ്ലൈകോ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നറിയിക്കാമോ; എന്ത് നിരക്കിലാണ് സംഭരണം നടത്തിയത് എന്നറിയിക്കുമോ; | (സി) | ഈ സീസണിൽ 07.03.2018 വരെയുള്ള കണക്ക് പ്രകാരം കിലോ ഗ്രാമിന് 23.30 രൂപ നിരക്കിൽ 1.82 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനവിഹിതം നൽകാത്തതിനാൽ കേന്ദ്ര വിഹിതം മാത്രം വിതരണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) പി.ആർ.എസ്. വായ്പാ പദ്ധതി നടപ്പിലാക്കിയോ; അതിന്റെ ലക്ഷ്യം നേടാനായിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) | നടപ്പിലാക്കിയിട്ടുണ്ട്. പി.ആർ.എസ് ലോൺ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് ഏറ്റെടുത്തതിനുശേഷം സമയബന്ധിതമായി തന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ